പതിനാലാം കേരള നിയമസഭ
പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 139

06-03-2020-ൽ മറുപടിക്ക്

## കാർഷിക വായ്പയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

**ചോദ്യം**

ശ്രീ.എസ്. ശർമ്മ
ശ്രീ.കെ.വി.വിജയദാസ്
ശ്രീ.സി.കൃഷ്ണൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വാണിജ്യാടിസ്ഥാനത്തിൽ കൃഷി വികസിപ്പിക്കുന്നതിന് കർഷകരുടെ പ്രധാന ആശ്രയമായ വായ്പ, പ്രകൃതി പ്രതിഭാസങ്ങളാലുള്ള വിള നഷ്ടം കൊണ്ടും വിലത്തകർച്ച കൊണ്ടും പലപ്പോഴും കടുക്കായിത്തീരുന്ന സാഹചര്യത്തിൽ കർഷകരെ സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാർ നടത്തുന്ന ഇടപെടലുകൾ അറിയിക്കാമോ; | (എ) | 1) സംസ്ഥാനത്ത് ഉണ്ടായ മഹാപ്രളയം കണക്കിലെടുത്ത് സംസ്ഥാനത്തെ കർഷകർ വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 12/10/2018 മുതൽ 2020 മാർച്ച് 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.<br>2) കർഷക കടാശ്വാസ കമ്മീഷൻ മുഖേന കാർഷിക വായ്പകൾക്ക് നിലവിൽ വയനാട് ജില്ലയിൽ 2014 മാർച്ച് 31 വരെയുള്ള വായ്പകൾക്ക് നൽകിവരുന്ന ആനുകൂല്യം - ഇടുക്കി, വയനാട് ജില്ലകളൊഴിച്ച് മറ്റ് എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്കും 2014 മാർച്ച് 31 വരെ നൽകുകയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് പ്രസ്തുത ആനുകൂല്യം 2018 ആഗസ്റ്റ് 31 വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br>3) കർഷക കടാശ്വാസ കമ്മീഷൻ അൻപതിനായിരം രൂപയ്ക്ക് മേലുള്ള കടിശ്ശികയ്ക്ക് നൽകുന്ന ആനുകൂല്യം ഒരു ലക്ഷംരൂപയിൽനിന്നും 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു.<br>4) കർഷക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ വാണിജ്യബാങ്കുകളെ ഉൾപ്പെടുത്താമോയെന്ന് പരിശോധിക്കുവാൻ കൃഷി ആസൂത്രണ സാമ്പത്തിക കാര്യവകുപ്പുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>5) 07/08/2019-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കർഷകരുടെ കടങ്ങളുമായി ബന്ധപ്പെട്ട മൊറട്ടോറിയം വിഷയം ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട ധനകാര്യ, റവന്യൂ കൃഷിവകുപ്പ് മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ യോഗം കൂടുകയും നിശ്ചിത സമയത്തിനുള്ളിൽ പുനഃക്രമീകരിക്കപ്പെട്ടിട്ടില്ലാത്ത വായ്പകൾക്കുമേൽ ജപ്തി നടപടികൾ ഒഴിവാക്കിക്കൊണ്ട് അതാത് ബാങ്കുകൾക്ക്, കർഷകർക്ക് ഉപകാരപ്രദമായ രീതിയിൽ ഉചിതമായ തീരുമാനങ്ങൾ എടുക്കാനും ഇതിനായി ജില്ലാതലത്തിൽ സബ്കമ്മിറ്റികൾ രൂപീകരിക്കാനും, ടി കമ്മിറ്റികളുടെ |

| | | | |
|---|---|---|---|
| | | | തീരുമാനപ്രകാരം വായ്പകളുടെ പലിശ അടച്ചുകൊണ്ട് പുതുക്കി നൽകുന്നതിനോ പരിധി വർദ്ധിപ്പിച്ച് നൽകുന്നതിനോ ബാങ്കുകളെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.<br>പ്രളയത്തിൽ സർക്കാർ പ്രളയ ബാധിത/ഉരുൾപൊട്ടൽ ബാധിത പ്രദേശമായി പ്രഖ്യാപിച്ച 1260 വില്ലേജുകളിലെ മൃഗസംരക്ഷണ മേഖലയിലും, ജീവനോപാധി നഷ്ടപ്പെട്ടവർക്കും, സൂക്ഷ്മ, ചെറുകിട, ഇടത്തര വാണിജ്യ, വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലകളിലുള്ള ദുരന്ത ബാധിതർക്ക് അവരുടെ ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് ഉജ്ജീവന വായ്പാ പദ്ധതി എന്ന പേരിൽ ഒരു വായ്പാ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്.<br>സഹകരണ സ്ഥാപനങ്ങൾ നെൽകൃഷിക്കായി പലിശരഹിത വായ്പയും മറ്റ് കാർഷിക ആവശ്യങ്ങൾക്കുള്ള വായ്പയും കാർഷിക അനുബന്ധ വായ്പകളും നൽകുന്നുണ്ട്.<br>സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ/ ബാങ്കുകൾ/ സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവ വഴി നെൽകൃഷിയ്ക്ക് പലിശ രഹിത വായ്പ നൽകിവരുന്നു. കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് നബാർഡ് മുഖേന നൽകിവരുന്ന 3 ശതമാനം പലിശ, സബ് വെൻഷൻ കഴിച്ച് 4 ശതമാനം പലിശ സബ്സിഡിയായി നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | കൃഷിസ്ഥലം സർഫാസി നിയമത്തിന്റെ പരിധിയിൽ വരുന്നില്ലെങ്കിലും ഭൂമിയുടെ രേഖകളിൽ നിലമെന്നും പാടമെന്നും രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ബാങ്കുകൾ ഈ കരിനിയമം കർഷകർക്കെതിരെ വ്യാപകമായി ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാൻ ഏതുവിധത്തിൽ ഇടപെടാൻ സാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>സർഫാസി നിയമത്തിലെ റൂൾ 31 (ഐ) പ്രകാരം, നടപടികളിൽനിന്നും കൃഷിഭൂമിയെ ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ കേരളത്തിലെ സാഹചര്യങ്ങളിൽ ഇതിന്റെ ആനുകൂല്യം നെൽകൃഷി ചെയ്യുന്ന കർഷകർക്ക് മാത്രമാണ് ലഭിക്കുന്നത്. ആയത് എല്ലാത്തരം കാർഷിക വിളകൾ കൃഷിചെയ്യുന്നതും വീട് നിൽക്കുന്ന സ്ഥലം ഉൾപ്പെടെയുള്ള ഭൂമിയ്ക്കും റൂൾ 31(ഐ) ബാധകമാക്കണമെന്നതാണ് സംസ്ഥാന സർക്കാരിന്റെ നയം. സംസ്ഥാനത്തെ സഹകരണബാങ്കുകൾ സർഫാസി നിയമപ്രകാരമുള്ള നടപടികൾ ഒഴിവാക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ പരിശോധിച്ച് വരികയാണ്. കൂടാതെ മൊറട്ടോറിയം കാലാവധി നീട്ടി നൽകിയ തീരുമാനത്തിന് വിരുദ്ധമായി ബാങ്കുകൾ കർഷകർക്കെതിരെ സ്വീകരിക്കുന്ന ജപ്തി അടക്കമുള്ള ഒരു നടപടിക്കും സംസ്ഥാന സർക്കാർ സഹകരിക്കില്ല. സർഫാസി നിയമപ്രകാരം ബാങ്കുകൾ ജപ്തി നടപടികളിലേയ്ക്ക് കടക്കുംമുമ്പ് കൃഷി ഭൂമിയെ ഒഴിവാക്കുന്നത് ഉറപ്പാക്കാൻ ബാങ്കുകളുടെയും സർക്കാരിന്റെയും പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു ഉപസമിതിയെ രൂപീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇടുക്കി, വയനാട് ജില്ലകളിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് സംസ്ഥാന സർക്കാരിന്റെ ഇടപെടലിനെ തുടർന്ന് ബാങ്ക് മാനേജർമാരുടെ അദ്ധ്യക്ഷതയിൽ ബാങ്ക് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ജില്ലകളിൽ സബ്കമ്മിറ്റികൾ രൂപീകരിക്കാനും സർഫാസി |

| | | | |
|---|---|---|---|
| | | | നിയമം അനുസരിച്ച് നടപടികൾ എടുക്കുന്നതിനുമുമ്പ് പ്രസ്തുത കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. കാർഷിക വരുമാനത്തിൽനിന്ന് തിരിച്ചടവുള്ള ലോണുകൾക്കാണ് ഈ നടപടികൾ ബാധകമായിട്ടുള്ളത്.<br>സർഫാസി നിയമപ്രകാരമുള്ള നടപടികൾ മൂലം സംസ്ഥാനത്ത് ഉളവായിട്ടുള്ള അവസ്ഥാ വിശേഷത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി ബഹു. എം.എൽ.എ. ശ്രീ.എസ്.ശർമ്മ ചെയർമാനായി രൂപീകരിച്ചിട്ടുള്ള അഡ്ഹോക് കമ്മിറ്റി 21.11.2019-ന് നിയസഭയിൽ റിപ്പോർട്ട് സമർപ്പിക്കുകയും ആയതിൻമേൽ തുടർനടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരികയുമാണ്. സർഫാസി നിയമത്തിൽ അഗ്രിക്കൾച്ചറൽ ലാന്റ് എന്നതിന് പ്രത്യേക നിർവചനം നൽകിയിട്ടില്ലെന്നും അത്തരം സാഹചര്യത്തിൽ എല്ലാത്തരം കൃഷിഭൂമിയും സർഫാസി നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കേണ്ടതാണെന്നും പ്രസ്തുത റിപ്പോർട്ടിൽ കമ്മിറ്റി അഭിപ്രായപ്പെട്ടിരുന്നു. |
| (സി) | നാട്ടിൻപുറങ്ങളിലെ യഥാർത്ഥ കർഷകർക്കുപോലും സ്വർണ്ണ പണയത്തിന്മേൽ കാർഷിക വായ്പ നിഷേധിക്കുന്ന പൊതുമേഖലാ ബാങ്കുകളുടെ നിഷേധാത്മക രീതിക്കെതിരെ ഇടപെടൽ സാധ്യമാണോ; | (സി) | ബാങ്കുകൾ എല്ലാം തന്നെ സ്വർണ്ണാഭരണ പണയത്തിന്മേലുള്ള കാർഷികവായ്പ ഇപ്പോഴും തുടരുന്നുണ്ട്. ഇതു സംബന്ധിച്ച് പൊതുജന ശ്രദ്ധയ്ക്കായി സംസ്ഥാനതല ബാങ്കേഴ്സ് സമിതി 2020 ഫെബ്രുവരി 2 ന് പത്രപരസ്യം നൽകിയിട്ടുമുണ്ട്. എന്നാൽ നിലവിൽ കേന്ദ്രസർക്കാർ നൽകിവരുന്ന പലിശ സബ്സിഡികൾ 2020 ഏപ്രിൽ 1 മുതൽ കിസ്സാൻ ക്രെഡിറ്റ് കാർഡ് (KCC) പദ്ധതിയിൽ വായ്പ എടുത്തിട്ടുള്ള കർഷകർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം സംസ്ഥാനത്ത് കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം വഴി എത്രപേർക്ക് പ്രയോജനം ലഭിച്ചെന്നതിന്റെ കണക്ക് ലഭ്യമാണോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 17,993 കർഷകർക്ക് കടാശ്വാസം ലഭ്യമാക്കുന്നതിനായി കടാശ്വാസ കമ്മീഷൻ സർക്കാരിൽ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം വഴി സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിരുന്ന 16435 പേർക്ക് ഇതിനകം പ്രയോജനം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ